# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2369 08.05.2017ൽ മറുപടി നൽകേണ്ടത്.

ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിന്റെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ; | (എ) | ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിന്റെ വികസനത്തിനായി, 19.12.2016 ലെ എ 1/6936/2016/ഡി.ഇ.ഒ, നമ്പർ ഉത്തരവ് പ്രകാരം ബോർഡിംഗ് ഗ്രാന്റ് ഇനത്തിൽ 6,31,395/- രൂപയും, 06.01.2017 ലെ എം1/50979/2016/ഡി.പി.ഐ നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ സ്കൂളുകളുടെ വികസനം പ്ലാൻ ഫണ്ട് ഇനത്തിൽ 7,57,400/- രൂപയും, 13.1.2017 ലെ സ.ഉ (സാധാ) നം. 76/2017/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് പ്ലാൻ ഫണ്ട് ഇനത്തിൽ 1,10,00,000/- രൂപയും 06.02.2017 ലെ എം1/50976/2016/ഡി.പി.ഐ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിൽ ഹയർ സെക്കന്ററിയിലോ വൊക്കേഷണൽ ഹയർ സെക്കന്ററിയിലോ അധ്യാപക/ അധ്യാപകേതര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതു നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ലാബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റിന്റെ (അഗ്രികൾച്ചർ) ഒരു ഒഴിവും വൊക്കേഷണൽ ഇൻസ്ട്രക്ടറുടെ (അഗ്രികൾച്ചർ) ഒരു ഒഴിവും നിലവിലുണ്ട്. ടി ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ മതിയായ വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ തസ്തിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ